'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - അസി. എഞ്ചിനീയറായ ശ്രീ . കെ . എ . അജി ഫ്രാൻസിസിന്റെ അനധികൃത ഹാജരില്ലായ്മ കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്

G.O.(Rt)No.1658/2019/LSGD തീയതി,തിരുവനന്തപുരം, 02/08/2019

---

പരാമർശം:- 1 സ.ഉ(പി)നം.888/2007/പി.ഡബ്യൂഡി തീയതി 04.07.2007.

2 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28.03.2018, 12.06.2018, 21.05.2019 എന്നീ തീയതികളിലെ ഇ-20/9273/2016/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ശ്രീ.അജിഫ്രാൻസിസ്. കെ.എ വയനാട് ജില്ലയിലെ കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ അസി.എഞ്ചീയറായിരിക്കവേ വിദേശ ജോലിക്ക് വേണ്ടി 05.12.2006 മുതൽ 3 വർഷത്തേക്ക് ശൂന്യവേതനാവധി അപേക്ഷ സമർപ്പിക്കുകയും എന്നാൽ അവധി അനുവദിച്ച് കിട്ടുന്നതിന് മുമ്പ് തന്നെ ടിയാൻ അനധികൃതമായി അവധിയിൽ പ്രവേശിക്കുകയും ചെയ്തു. പരാമർ ശം (2) ഉത്തരവ് പ്രകാരം പ്രസ്തുത ശൂന്യവേതനാവധി അനുവദിക്കുന്നതിന് മുമ്പ് ടിയാൻ 22.01.2007 മുതൽ 06.07.2007 വരെയാണ് ഇത്തരത്തിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതെന്നും, അനധികൃത ഹാജരില്ലായ്മക്ക് ശേഷം ടിയാൻ 21.10.2010 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ചുവെന്നും ആയതിനാൽ അനധികൃത ഹാജരില്ലായ്മ കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിനായി കെ.എസ്.ആർ ഭാഗം I അനുബന്ധം XII A പ്രകാരം അനുവദിക്കുന്ന ശൂന്യവേതനാവധി മുൻകാല പ്രാബല്യത്തിൽ അനുവദിക്കുന്നതിനോ മറ്റ് അവധികളുമായി ചേർക്കുന്നതിനോ വ്യവസ്ഥയില്ല. കെ.എസ്.ആർ ഭാഗം I അനുബന്ധം XII A ചട്ടം 9-ൽ പ്രസ്തുത അവധി അനുവദിച്ച് ലഭിക്കുന്നതിന് മുമ്പ് അവധിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്കെതിരെ 1960 ലെ കെ.സി.എസ്(സി.സി.എ) നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽ നിന്നും പിരിച്ച് വിടാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ ഇക്കാര്യത്തിൽ ശ്രീ.

അജിഫ്രാൻസിസിനെതിരെ അച്ചടക്കനടപടി സ്വീകരിച്ച് ശക്തമായ താക്കീത് നൽകി തീർപ്പാക്കിയ സാഹചര്യത്തിൽ ടിയാന്റെ 22.01.2007 മുതൽ 03.07.2007 വരെയും, 04.07.2010 മുതൽ 20.10.2010 വരെയുമുള്ള അനധികൃത ഹാജരില്ലായ്മ കാലയളവുകൾ, മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ആയി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GOPAKUMAR U
UNDER SECRETARY

1 ശ്രീ.അജിഫ്രാൻസിസ്. കെ.എ, അസി. എഞ്ചിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ് (21.07.2019 ലെ ധെവ-1/48/2019/ധന പ്രകാരം)
6. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
7 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ